# പതിനാലാം കേരള നിയമസഭ

## ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 842

09/08/2017 -ൽ മറുപടിയ്ക്ക്.

**ക്ഷീരോല്പാദന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ കെ.മുരളീധരൻ<br>ശ്രീ, കെ.സി.ജോസഫ്<br>ശ്രീ കെ.എസ്.ശബരീനാഥൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2017-2018 -ൽ 9775 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച നടപ്പിലാക്കിയത്; വിശദമാക്കാമോ; | ബി) | ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2017-2018 -ൽ 9775 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br><br>1 ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2 തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3 ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം |

4. മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി) -4179 ലക്ഷം

5. കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം

6. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം

7. ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം

8. വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം

**ആകെ -9775 ലക്ഷം**

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപറയുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>മലബാർ മേഖലാ യൂണിയൻ</u>**

1) കിടാരി സംരക്ഷണ പദ്ധതി

2) നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നിവിടങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി

4) പച്ചപ്പുല്ലും, മറ്റു ഉൽപാദനോപാധികൾ മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി

5) ഫാം സപ്പോർട്ട് പദ്ധതി വഴി ഡയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

**<u>തിരുവനന്തപുരം മേഖലാ യൂണിയൻ</u>**

1) കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

2) മിനി ഡയറി പദ്ധതി

3) കാലിത്തൊഴുത്ത് നവീകരണം

4) ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ

5) അകിടുരോഗ നിർമ്മാർജനം
6) ക്ഷീരസംഘം ജീവനക്കാർക്കായുള്ള
ഇൻസെന്റീവ്

**എറണാകുളം മേഖലാ യൂണിയൻ**

1. ഉൽപാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്

3. ബാങ്ക് വായ്പ എടുത്ത്
പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക്വരെ പലിശ സബ്സിഡി,
4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി,
5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ച് നൽകൽ
6. ഡയറിഫാമുകളുടെ
യന്ത്രവൽക്കരണത്തിന് ധനസഹായം,
7. ബന്ധപ്പെട്ട വകുപ്പുകളുടെ
ധനസഹായത്തോടെപട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവപശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി

(സി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

സി) ആവിഷ്കരിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നതിന് പുതിയ സംരംഭകർക്ക് പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീര വികസന വകുപ്പ് നൽകുന്നു. ഈ ലക്ഷ്യത്തോടെ വകുപ്പിന് കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന മികച്ച പരിശീലനം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരഗ്രാമം, ഡയറി സോൺ പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകി ഡെയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റ്, ഹൈടെക് ഡയറി യൂണിറ്റ് (20 പശു യൂണിറ്റ്) എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ.